# ST.PHILOMINAS G H S ARPOOKARA

philIT

# 2019-20




L K /2019 /33058

ST. PHILOMENA



OUR HEAVENLY PATRON

# ഉള്ളടക്കം


- സന്ദേശം
- എഡിറ്റോറിൽ ബോർഡ്
- സ്കൂൾ ചരിത്രം
- ലിറ്റിൽ കൈറ്റ്സ്
- കവിത - എന്റെ ജന്മദിനം
- ബാലവേല ...... അരുത്
- Advantages of not consuming Drugs
- പരിസ്ഥിതി മലിനീകരണം
- എന്റെഅമ്മ
- സൗഹൃദം
- RAIN
- THE BREEZE
- എന്റെ ചാമ്പ മരം
- ഡോ. എ. പി. ജെ. അബ്ദുൽ കലാം
- ചെന്നായയും ആട്ടിൻകുട്ടിയും
- QUOTES
- സ്വർണമീനും കാക്കയും
- Beauty of Kerala
- My Most Valuable Friend
- ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
- നന്ദി

# സന്ദേശം

കൈവിരൽ തുമ്പിൽ ലോകം നിയന്ത്രിക്കപ്പെടുന്ന ഈ കാലത്ത് സാങ്കേതിക പരിജ്ഞാനത്തിൻെറ പടവുകളിലേയ്ക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ പൊതുവിദ്യഭ്യാസവകുപ്പിന്റെ സംരംഭമായ 'Little kites'-ന്റെ ആഭിമുഖ്യത്തിൽ തയാറാക്കപ്പെടുന്ന **'Little Stars-digital magazine'** എല്ലാ ഭാവുകങ്ങളും നേരുന്നു.

**ബീനാ തോമസ് (H M)**



# THE EDITORIAL BOARD

ADITHYA PM

ABIJA P SUNIL

ESTHER

ELIZABETH

AKSA VARGHESE

CHELSY TRESA JOHN

ABHIRAMI SAJEEV

ANUJA JOSEPH



# സ്കൂൾ ചരിത്രം



1944 തൊട്ട് 1964 വരെ വില്ലൂന്നി സെൻറ് സേവ്യേഴ്സ് ഇടവക വികാരിയായിരുന്ന അതിരുമ്പുഴ സ്വദേശി സിറിയക് കോട്ടയരികിലച്ചൻ ആർപ്പൂക്കരയുടെ വികസന കാര്യങ്ങളിൽ വളരെ താല്പര്യമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വില്ലൂന്നിയിലെ കർമ്മലീത്താമഠത്തോടനുബന്ധിച്ച് വിദ്യാലയം ആരംഭിക്കുന്നതിന് ഇടവകാംഗങ്ങൾ പരിശ്രമം തുടങ്ങി. സംസ്ഥാനത്ത് കുറെ സ്കൂളുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ആലോചനകൾ തുടങ്ങി. അക്കാലത്ത് തിരുവനന്തപുരത്ത് ദീപിക ദിനപത്രത്തിന്റെ പ്രതിനിധിയായി ജോലിചെയ്തിരുന്നത് ആർപ്പൂക്കര കുന്നംപുറത്ത് ശ്രീ.കെ.സി തോമസാണ്. അദ്ദേഹം സർക്കാരിന്റെ ഈ നീക്കം അറിയുകയും വിവരം കോട്ടയരികിലച്ചനേയും മറ്റും അറിയിക്കുകയും ചെയ്തു. വില്ലൂന്നിയിൽ സ്കൂൾ ആരംഭിക്കുന്നതിന് നിവേദനം നല്കൽ തുടങ്ങിയവ ആരംഭിച്ചു. മാന്നാനം തൈയിൽ കുടുംബാംഗമായ റവ.സി.റോസ് മേരിയും മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിലെ കറസ്പോൺടൻറ് ആയിരുന്ന കുന്നംപുറത്ത് കെ.സി. ചെറിയാനും കൂടി സ്കൂൾ നടത്തുന്നതിനാവശ്യമായ ആഫീസ് റിക്കാർഡുകൾ ഉണ്ടാക്കി.

ശ്രീ.ടി.കെ. കോശി വിദ്യാഭ്യാസ ഡയറക്ടറായിരിക്കുമ്പോൾ ഗവൺമെൻറ് അംഗീകാരം ലഭിക്കുകയും 1946 ജൂൺ 6 തീയതി പള്ളി വക കെട്ടിടത്തിൽ സെൻറ് ഫിലോമിനാസ് പ്രൈമറി സ്കൂൾ ഒന്നാം ക്ലാസും, മഠം വക കെട്ടിടത്തിൽ മിഡിൽ സ്കൂൾ ഒന്നാം ഫാറവും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രൈമറി സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ് റവ.സി. ജോസഫിനാ പെരുമാലിയും മിഡിൽ സ്കൂളിൻറെ ഹെഡ്മിസ്ട്രസ് റവ.സി.റോസ്മേരി തയ്യിലും ആയിരുന്നു.

1950 ജൂൺ 6 തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ എൻ. കുഞ്ഞിരാമൻ സ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. 1957 ജൂൺ 3 ന് ഫോർത്ത് ഫോറം (8 -)ഠ സ്റ്റാൻഡാർഡ്) ക്ലാസോടുകൂടി സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആർപ്പൂക്കര സെൻറ് സേവ്യേഴ്സ് ഇടവക വികാരിയായിരുന്ന ആദ്യകാലങ്ങളിലെ സ്കൂൾ മാനേജർ. ഇപ്പോൾ ചങ്ങനാശേരിയിലെ അതിരൂപതാ കോർപറേറ്റ് മാനേജ്മെൻറിന്റെ ചുമതലയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കർമ്മിലീത്താമഠത്തിലെ മദർ സുപ്പീരിയർ ലോക്കൽ മാനേജരായും പ്രവർത്തിക്കുന്നു. 1999 ജൂൺ 17 ന് സുവർണ്ണജൂബിലി ആഘോഷച്ച ഈ സ്കൂൾ ഇന്ന് സപ്തതിയുടെ നിറവിൽ എത്തി നിൽക്കുന്നു.

ഈ സ്കൂളിൻറെ ഇന്നേളമുള്ള വളർച്ചയിൽ ഇതിനെ നയിച്ചുകൊണ്ടിരിക്കുന്ന ദൈവീകചൈതന്യം ഒളിമങ്ങാതെ കാത്തുസൂക്ഷിച്ച്.സ്നേഹത്തിന്റെയും,ത്യാഗത്തിന്റെയും.സേവനത്തി ന്റെയു ജ്ഞാനത്തിന്റെയും ഉത്തമമാതൃകയായി പ്രശോഭിച്ച് വിജയശ്രീലാളിതയായി ചരിത്രത്തിന്റെ നൂറ്റാണ്ടുകളിലൂടെ കടന്നുപോകുവാൻ ഈ മാതൃക വിദ്യാലയത്തിന് സാധിക്കട്ടെ.

**Adithya P.M & Esther Jose**

myschool




# ലിറ്റിൽ കൈറ്റ്സ്


കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ ഐ.സി.ടി. വിദ്യാഭ്യാസം പിന്തുണയ്ക്കാൻ വികസിപ്പിച്ചെടുത്ത പദ്ധതിയാണ് കൈറ്റ്സ്. അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കുന്നതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ മാറ്റിമറിച്ചിരിക്കുന്നു. ഈ പ്രക്രിയയിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കാണ് ഉള്ളത്.

കേരളത്തില പുതിയ തലമുറയിൽ വലിയ ഒരു വിഭാഗം വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നവരാണെങ്കിലും, ഈ രംഗത്ത് താല്പര്യവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനും ഇതിനോടുള്ള പുതുതലമുറയുടെ സമീപനം ഗുണപരമായി പ്രയോജനപ്പെടുത്താൻ വേണ്ടിയും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ ഐ.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈയ്റ്റ്. നമ്മുടെ സ്കൂളിലും ഈ ലിറ്റിൽ കൈയ്റ്റ് യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നു. 26 വിദ്യാർത്ഥികളും 2 അധ്യാപകരും അടങ്ങിയതാണ് ഒരു യൂണിറ്റ്. ഈ പദ്ധതിയിൽ അംഗങ്ങളായ വിദ്യാർത്ഥികൾ പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്നു. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയിൽ ആഭിമുഖ്യം ജനിപ്പിക്കുന്നതിനായി വിവിധ മേഖലകളിലെ പരിശീലനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഗ്രാഫിക്സ് & ആനിമേഷൻ, റോബോട്ടിക്സ്, സ്ക്രാച്ച് പ്രോഗ്രാമിംഗ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടറിംങ്, ഡെസ്ക്ടോപ്പ്, പബ്ലിഷിങ്, ഇന്റർനെറ്റ്, സൈബർ സുരക്ഷ എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. യൂണിറ്റ് തലത്തിൽ മികവുനേടുന്ന കുട്ടികൾക്ക് സബ്ജില്ലാ, ജില്ലാ, സംസ്ഥാനതല ക്യാമ്പുകളിൽ പരിശീലനം ലഭിക്കുന്നതിന് സാധിക്കുന്നു. ആകെ 25 ആഴ്ചകളിലൂടെ നടപ്പിലാക്കുന്ന യൂണിറ്റ്തല പ്രവർത്തനം ബുധനാഴ്ച ദിവസങ്ങളിൽ 3.45 pm മുതൽ 4.45 pm വരെ നടത്തപ്പെടുന്നു.

ഹൈടെക് പദ്ധതിയുടെ ഭാഗമായി ക്ലാസ് റൂമുകളിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നല്ല രീതിയിൽ പരിപാലിക്കേണ്ടതിന്റെ ചുമതലയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടേതാണ്. വിദ്യാർത്ഥികളെ ഈ നൂതന സാങ്കേതിക വിദ്യാലോകത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനായി സ്കൂൾതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത് കൈറ്റ് മിസ്ട്രസുമാരായ ശ്രീമതി മിനി തോമസും ശ്രീമതി മോനി തോമസും ആണ്.





# എന്റെ ജന്മദിനം

ഇളം നീല വരകളുള്ള വെളുത്ത കടലാസിൽ

നിന്റെ ചിന്തകൾ പോറിവരച്ച്

എനിക്ക് നീ ജന്മദിന സമ്മാനം തന്നു

തീയായിരുന്നു നിന്റെ തൂലിക തുമ്പിൽ

എന്നെ ഉരുക്കുവാൻ പോന്നവ

അന്ന് തെളിച്ചമുള്ള പകലും

നിലാവുള്ള രാത്രിയുമായിരുന്നു

ഇന്ന് സൂര്യൻ കെട്ടുപോവുകയും

നക്ഷത്രങ്ങൾ മങ്ങിപോവുകയും ചെയ്യുന്നു

കൂട്ടുകാരൊരുക്കിയ പൂച്ചെണ്ടുകൾക്കും

അനിയന്റെ ആശംസകൾക്കും

അമ്മ വിളമ്പിയ പാൽപായസത്തിനുമിടക്ക്

ഞാൻ തിരഞ്ഞത്

നിന്റെ തൂലികയ്ക്കുവേണ്ടിയായിരുന്നു

നീ വലിച്ചെറിഞ്ഞ നിന്റെ തൂലിക

ഒടുവിൽ പഴയ പുസ്തക കെട്ടുകൾക്കിടയ്ക്കുനിന്ന്

ഞാനാ തൂലിക കണ്ടെടുത്തപ്പോൾ

അതിന്റെ തുമ്പിലെ അഗ്നി കെട്ടുപോയിരുന്നു



LINTAMOL SABU &
SIVAPRIYA B

# ബാലവേല ......അരുത്

ജൂൺ 12, ലോക ബാലവേലവിരുദ്ധദിനമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെ തടസ്സപ്പെടുത്തുന്നതും വിദ്യാഭ്യാസം, വിനോദം, വിശ്രമം, സന്തോഷപ്രദമായ കുടുംബാന്തരീക്ഷത്തിൽ വളരാനുള്ള അവസരം തുടങ്ങിയ ബാലാവകാശങ്ങൾ പൂർണമായി ലംഘിക്കുന്നതുമായ സാമൂഹികവിപത്താണ് ബാലവേല.തൊഴിലെടുപ്പിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെ ക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുന്നതിന് ലക്ഷ്യമിട്ടാണ് 2002 മുതൽ അന്താരാഷ്ട്ര തൊഴിൽ സംഘടനജൂൺ 12 ലോക ബാലവേലവിരുദ്ധദിനമായി ആചരിക്കുന്നത് സാധാരണ വിദ്യാഭ്യാസം നിഷേധിക്കുന്ന തരത്തിലും കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യവും ധാർമ്മികവുമായ വളർച്ചയ്ക്ക് ദോഷകരവും അപകടകരവുമായ വിധത്തിലും അവരെ ഏതെങ്കിലും തരത്തിലുള്ള ജോലികളിലേർപ്പെടുത്തുന്നതും **ബാലവേല**യായികണക്കാക്കുന്നു കുടുംബങ്ങളുടെ തകർച്ച, ദാരിദ്ര്യം, പട്ടിണി, നിരക്ഷരത തുടങ്ങിയവയാണ് ബാലവേല വർധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. രക്ഷിതാക്കളുടെ നിർബന്ധപ്രകാരമാണ് 65% കുട്ടികളും തൊഴിലെടുക്കുന്നതെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പഠനം പറയുന്നു. ബാലവേല അനവധി രാജ്യാന്തര സംഘടനകളാലും വിവിധ രാജ്യങ്ങളിലെ നിയമ സംവിധാനങ്ങളാലും ചൂഷണ രീതിയാണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും നിരോധിക്കപ്പെട്ടതുമാണ്ലോകമെമ്പാടുമുള്ള നിയമനിർമ്മാണത്തിലൂടെ അത്തരം ചൂഷണം നിരോധിച്ചിരിക്കുന്നു.ബാലവേലയുടെ ഏറ്റവും വലിയ കാരണം ദാരിദ്ര്യമാണെന്ന് യുണിസെഫ് അഭിപ്രായപ്പെടുന്നു. കുട്ടികളെ ദോഷകരമായ അധ്വാനത്തിലേക്ക് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ലഭ്യതയും ഗുണനിലവാരവും. പല സമുദായങ്ങളിലും, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ മതിയായ സ്കൂൾ സൗകര്യങ്ങളില്ല. സ്കൂളുകൾ ചിലപ്പോൾ ലഭ്യമാകുമ്പോഴും, അവ വളരെ അകലെയാണ്, എത്തിച്ചേരാൻ പ്രയാസമാണ്, താങ്ങാനാവാത്തതാണ് അല്ലെങ്കിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വളരെ മോശമാണ്, സ്കൂളിൽ പോകുന്നത് ശരിക്കും പ്രയോജനകരമാണോ എന്ന് മാതാപിതാക്കൾ ആശ്ചര്യപ്പെടുന്നുകഴിവുകൾ നേടുന്നതിനും മാന്യമായ മുതിർന്നവർക്കുള്ള തൊഴിൽ ജീവിതത്തിനുള്ള അവരുടെ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുംസാമ്പത്തിക ക്ഷേമത്തിന്റെ കാര്യത്തിൽ ഒരുപാട്

ബാലവേലക്കാരുടെ സാന്നിധ്യം ഗുരുതരമായ പ്രശ്നമായി കണക്കാക്കപ്പെടുന്നു. ജോലി ചെയ്യുന്ന കുട്ടികൾ ആവശ്യമായ വിദ്യാഭ്യാസം നേടുന്നതിൽ പരാജയപ്പെടുന്നു. ശാരീരികമായും ബുദ്ധിപരമായും വൈകാരികമായും മാനസികമായും വികസിക്കാനുള്ള അവസരം അവർക്ക് ലഭിക്കുന്നില്ല. കുട്ടികളുടെ ശാരീരിക അവസ്ഥ കണക്കിലെടുക്കുമ്പോൾ, കുട്ടികൾ നീണ്ട ഏകതാനമായ ജോലികൾക്ക് തയ്യാറല്ല, കാരണം മുതിർന്നവരേക്കാൾ വേഗത്തിൽ അവർ തളർന്നുപോകും. ഇത് അവരുടെ ശാരീരിക അവസ്ഥ കുറയ്ക്കുകയും കുട്ടികളെ രോഗബാധിതരാക്കുകയും ചെയ്യുന്നു. കുട്ടികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്ന ബാലവേല എന്ന വിപത്ത് പൂർണമായും ഇല്ലാതാക്കുന്നതിന്,ചില നിർദേശങ്ങൾ ഇതാ:ബാലവേല തടയുന്നതിനുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുക. കുടുംബത്തിന്റെ ദാരിദ്ര്യം, പട്ടിണി, നിരക്ഷരത എന്നിവ നിർമാർജനം ചെയ്യുക.ബാലവേലയിൽനിന്ന് മോചിപ്പിച്ച കുട്ടികളുടെ വിദ്യാഭ്യാസവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന്.വേണ്ടനടപടി സ്വീകരിക്കുക



ABHAYA GEORGE & G.A KRISHNAPRIYA




**SITHARA K.M**

# Advantages of not consuming Drugs

- You feel physically better
- You save money
- I feel better about myself
- I can think clearly
- I like to go to work
- I can pay my bills
- I'm not idle
- I will not lose control
- I do not have to lie to my family
- I have more time to practice the sport that I like
- It's depressing and it's good to avoid it
- It's good for my weight
- You can do more things at night if you do not drink
- Everything goes better in my body if I do not use
- I do not have to worry about making a fool of myself at parties
- I do not get up thinking about what happened the night before
- I have no hangovers
- Self-confidence that I obtain for having overcome a self-destructive impulse
- Moral reward for overcoming an unnecessary desire
- I will not have a bad reputation
- I will not have to regret
- Health reasons
- Improve communication
- Sleep better
- Do not be so worried about what they know about me
- I am able to plan my future
- Better sexual relations
- Less jealousy
- More time for oneself and for the family



Pooja Sathyan




Sandra S. Nair

# പരിസ്ഥിതി മലിനീകരണം



കേരളം ഒരുദിവസം പുറന്തള്ളുന്നത് ഉദ്ദേശം 10000 ടൺ മാലിന്യം. ഏതെങ്കിലും രീതിയിൽസംസ്കരിക്കപ്പെടുന്നതു പരമാവധി 5000 ടൺ മാത്രം. ബാക്കി 5000 ടൺ മാലിന്യം കേരളത്തിലങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്നു. ഏതുനിമിഷവും പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന പകർച്ചവ്യാധികളിലേക്കുള്ള തീക്കൊള്ളികളാണ...തീക്കൊള്ളികളാണ നാം കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത്. കേരളം നേരിടുന്ന ഏറ്റവും ഗുരുതരപ്രതിസന്ധി മാലിന്യമാണെന്നു മാറിവരുന്ന സർക്കാരുകൾ ഏറ്റുപറഞ്ഞിട്ടും .മാലിന്യസംസ്കരണത്തിനു ഫലപ്രദമായ മാർഗങ്ങൾ ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിലെ ചൂട് 100 വർഷത്തിനുള്ളിൽ 4.5 ഡിഗ്രി സെൽഷ്യസ് കൂടുമെന്നാണ ശാസ്ത്രലോകത്തിന്റെ മുന്നറിയിപ്പ്. മഴ കുറയും, പ്രകൃതിദുരന്തങ്ങളുടെ എണ്ണം കൂടും.ജനിതകമാറ്റം വന്ന പുതിയതരം വൈറസുകളും രോഗങ്ങളും വ്യപിക്കും.അറബിക്കടൽ പഴയ അറബിക്കടലല്ല,ചുഴലിക്കാറ്റ് അടിക്കടി ഉണ്ടാകുന്നു.അറബിക്കടലിൽ താപനില വർധിക്കുന്നതാണ ചുഴലിസാധ്യത

കൂട്ടുന്നത്...ആഗോളതപനത്തിനു പുറമെ വൻനഗരങ്ങളിൽ നിന്നുള്ള ഓടജലം, മൽസ്യഫാമുകളിൽ നിന്നുള്ള പുറന്തള്ളൽ തുടങ്ങി .പ്ലാസ്റ്റിക് വരെയുള്ള മാലിന്യങ്ങൾ കുന്നുകൂട്ടുന്നതാണ് സമുദ്രഘടനയിലെ രാസമാറ്റത്തിനു പിന്നിലുള്ള കാരണം.വ്യവസായ മാലിന്യങ്ങളും കീടനാശിനികളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങിയതോടെ കുട്ടനാട്ടിലെ കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളിലും വേമ്പനാട്ടു കായലിലും ശുദ്ധജല തടാകങ്ങളിലും ഓക്സിജൻ സാന്നിധ്യം അപകടകരമായ നിലയിൽകുറയുന്നു....

വാഹനങ്ങൾ, നിരത്തിലെ പൊടിപടലങ്ങൾ, മാലിന്യങ്ങൾ കത്തിച്ചുള്ള മലിനീകരണം എന്നിവയാണു വായുമലിനീകരണത്തിന്റെ പ്രധാന കാരണം. സംസ്കരണത്തിനുള്ള മാർഗങ്ങൾ ഇല്ലാത്തതുമൂലം പ്ലാസ്റ്റിക് കത്തിക്കുന്നതും കേരളത്തിൽ വ്യാപകമാണ്....ഭൂഗർഭ ജലനിരപ്പ് വർഷം തോറുംകുറയുന്നു....കാലാവസ്ഥാമാറ്റം മൂലം കേരളത്തിൽ മഴ കുറയുന്നു അന്തരീക്ഷ താപനില ഓരോവർഷവും 0.01 ഡിഗ്രി വീതം കൂട്ടുന്നുപാരിസ്ഥിതിക മാറ്റങ്ങൾ ദുരന്തങ്ങളല്ല. അവയെ ഫലപ്രദമായി നേരിടാൻ കഴിയാതിരിക്കുമ്പോഴാണു ദുരന്തമായി മാറുന്നത്.

Anuja Joseph & Esther Jose

# എന്റെ അമ്മ

അമ്മ.  ഈ ലോകത്തെ ഏറ്റവും മനോഹരമായ പദം.എങ്ങനെ വിളിച്ചാലും വിളിക്കുന്ന ആളിനും കേൾക്കുന്ന ആളിനും ഇത്ര ഏറെ സംതൃപ്തി തരുന്ന ഒരു വാക്ക് ഒരു ഭാഷയിലും കാണില്ല. ഏതു നാടായാലും ഭാഷ ആയാലും അമ്മ എന്താണ് എന്ന് നമുക്ക് പറഞ്ഞു തരുന്നു. പിറന്നു വീണ അന്ന് മുതൽ എന്നും  എപ്പോഴും ആ തുണ അല്ലെങ്കിൽ തണൽ ഇല്ലാതെ പറ്റില്ല.ജീവിതത്തിൽ മൂല്യങ്ങൾക്ക് മാത്രമേ വില ഉള്ളൂ എന്ന് അമ്മ പറഞ്ഞിരുന്നു. അമ്മ പഠിപ്പിച്ചു തന്നത് മാത്രം മതി ഏതു പ്രതിസന്ധിയിലും ഞങ്ങൾക്ക് വിജയിക്കാൻ. ഇപ്പോളും വീട്ടിൽ ചെന്ന് കയറുമ്പോൾ ഉമ്മറത്ത് അമ്മ വേണം എന്നാണ്എന്റെയും നിങ്ങളുടെയും എല്ലാം സ്വാർത്ഥമായ മോഹം . ഓരോ അമ്മമാരും ഓരോ പാഠപുസ്തകങ്ങൾ ആണ്. നമുക്കു മാത്രമായി ദൈവം എഴുതിയ പാഠപുസ്തകങ്ങൾ. ഇനിയും ജന്മം ഉണ്ടെങ്കിൽ എനിക്ക് എന്റെ  പൊന്നമ്മയുടെ മകൾ ആയി തന്നെ ജനിക്കാൻ ആണ് ഇഷ്ടം.ഇല്ലായ്മയിലും ഒരു സ്ത്രീ എന്ത് ആകണം എന്ന് കാണിച്ചു തരുന്ന എന്റെ പുന്നാര അമ്മ



Nazreena Shamil  & Swathy S Nair

# സൗഹൃദം

ശരീരം ഭ്രമിക്കും
മനസ്സ് എനിക്കും ചേത്തുർവച്ച
നിന്റെ സൂര്യ നേത്രം
എന്റെ ആകാശം നിറഞ്ഞു കത്തുകയാണ്
മനസ്സ് ഉരുകിയൊലിക്കുമ്പോൾ
നിന്റെ സ്നേഹത്തിന്റെ നിറവ്
സിരകളിൽ അലിഞ്ഞു ചേരുന്നു

ഇപ്പോൾ ഞാൻ മനസ്സിലാക്കുകയാണ്
നിന്നെ മറക്കുകയെന്നാൽ മൃതിയാണണ്
ഞാൻ.. നീ മാത്രമാണെന്ന്..



Oliviya Chettiyath

# RAIN

*The beautiful sky*
*Suddenly become shy*
*Because its beauty lost*
*By the coming of dark clouds*
*But after some time*

*The friends of dark clouds arrive*
*Who are those friends?*
*Thunder,lightning and storm*
*That make the sky so attractive*
*Suddenly the dark clouds*

Elizabeth Jacob



*Sprinkle diamonds*
*Oh,its rain!*
*Rain drops come from the sky*
*And fall on the Earth*
*The dusty Earth becomes wet*
*The sky cares the Earth as a pet*

***Elizabeth Jacob***

# THE BREEZE

When I was plunged in the sea of sadness
The thing that wandered in the Nature,the breeze.
She hugs me like a mother
And gives me a hope to live on
She whispers some adventure stories
That she saw on her way
The breeze is a best friend, who is
Bothered about me always
So that she comes always to meet



**Abhirami Sajeev**

# എന്റെ ചാമ്പ മരം

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം. "ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പ് മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻതുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.




**Akshayalakshmi Babu & Aiswarya N.H**

# ഡോ. എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(2002-2007) 'അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം' എന്ന 'ഡോ. എ.പി.ജെ. അബ്ദുൽ കലാം' (1931 ഒക്ടോബർ 15 – 2015 ജൂലൈ 27). പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം **(DRDO)**, ബഹിരാകാശഗവേഷണകേന്ദ്രം **(ISRO)** തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**2002**-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടി-യുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഐ)-യുടെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയനയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം **2007** ജൂലൈ **25**-നു സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് **&** ടെക്നോളജിയുടെ വൈസ് ചാൻസലറുമായിരുന്നു.

**2020** ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും **ഇന്ത്യ 2020** എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു

സാങ്കേതികവിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. **apj@abdulkalam.com** എന്ന തന്റെ ഇ-മെയിലിൽ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.

**2015** ജൂലൈ **27** ന് **84-**ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഷില്ലോങ്ങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റിൽ പ്രസംഗിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ അടുത്തുള്ള ബഥനി ആസ്പത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.





**Adithya P.M & Aksa Varghese**

# ചെന്നായയും ആട്ടിൻകുട്ടിയും

ഒരിക്കൽ കുറെ ആട്ടിൻപറ്റം കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു. കൂട്ടത്തിലൊരു കുഞ്ഞാട് കൂട്ടം തെറ്റിപ്പോയി. കൂട്ടുകാരെല്ലാം കുറെ ദൂരെ എത്തിക്കഴിഞ്ഞതൊന്നും അവനറിഞ്ഞില്ല.അവൻ അറിയാത്ത മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു; ഒരു ചെന്നായ അവന്റെ പിന്നാലെ നടക്കുന്ന കാര്യം!"ആട്ടിറച്ചി കഴിച്ചിട്ട് നാളേറെയായി," ചെന്നായ നാവു നൊട്ടി നുണഞ്ഞുകൊണ്ട് പറഞ്ഞു.രക്ഷപെടാൻ ഒരു മാർഗത്തിനായി കുഞ്ഞാട് തലപുകഞ്ഞാലോചിച്ചു. അവൻ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് ചെന്നായയോട് സംസാരിക്കാൻ തുടങ്ങി. "എന്നെ തിന്നോളൂ. പക്ഷേ , രുചിയുള്ള ആട്ടിറച്ചി തിന്നണമെങ്കിൽ അല്പം കാത്തിരിക്കണം.""അതെന്താ?" ചെന്നായ അന്തം വിട്ടു.

"ഞാൻ ഇപ്പോൾ വയറുനിറച്ചും പുല്ലു തിന്നതേയുള്ളൂ . ഇപ്പോൾ എന്നെ തിന്നാൽ പുല്ലു തിന്നുന്നതു പോലിരിക്കും."ആട്ടിൻകുട്ടി പറഞ്ഞു ." അതു ശരിയാണല്ലോ!" ചെന്നായയ്ക്കു തോന്നി.

"പുല്ലൊക്കെ ദഹിച്ചു കഴിഞ്ഞാൽപ്പിന്നെ ആട്ടിറച്ചിയുടെ രുചി കൂടും , അറിയില്ലേ?" കുഞ്ഞാട് വീണ്ടും പറഞ്ഞതു കൂടി കേട്ടതോടെ ചെന്നായയ്ക്ക് കൊതി സഹിക്കാനായില്ല.

"ഹും ! ദഹിക്കാൻ എത്ര സമയം വേണം? "ചെന്നായ ചോദിച്ചു "നൃത്തം ചെയ്താൽ വേഗം ദഹിക്കും. എന്റെ കഴുത്തിൽ കെട്ടിയ ഈ മണി ഒന്നു കിലുക്കിത്താ . എന്നാലേ എനിക്ക് നൃത്തം ചെയ്യാൻ തോന്നൂ

." കുഞ്ഞാട് പറഞ്ഞു. എന്നിട്ട സ്വന്തം കഴുത്തിലെ മണി അഴിച്ചെടുത്ത് കൊടുത്തു.ചെന്നായയ്ക്ക് സന്തോഷമായി. എന്നിട്ട് കുഞ്ഞാട് കൊടുത്ത മണി ആഞ്ഞാഞ്ഞ് കിലുക്കിത്തുടങ്ങി.

"ണിം.....ണിം....ണ്ണീ0 .....ണ്ണീ0....." കുഞ്ഞാട് മണി കിലുങ്ങുന്ന ശബ്ദത്തിനനുസരിച്ച് നൃത്തം ചെയ്യാനും തുടങ്ങി. മണിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പോഴാണ് ആട്ടിടയൻ കേട്ടത്. അയാൾ വന്നു നോക്കുമ്പോഴതാ തന്റെ കുഞ്ഞാടിനടുത്ത് ഒരു ചെന്നായ നിന്ന് മണി കിലുക്കുന്നു! അയാൾ കൈയിലുള്ള വടിയെടുത്ത് ചെന്നായയുടെ മുതുകത്ത് .........'പ്ടെ..! "ഹമ്മോ..." ചെന്നായ കരഞ്ഞു കൊണ്ട് ഒറ്റയോട്ടം!



**Amruthalakshmi Suresh & Adithya Sunil**

# QUOTES

**"Learn from yesterday, live for today, hope for tomorrow. The important thing is not to stop questioning." --**

***Albert Einstein***

***"Take up one idea. Make that one idea your life -- think of it, dream of it, live on that idea. Let the brain, muscles, nerves, every part of your body be full of that idea, and just leave every other idea alone. This is the way to success "***

***Swami Vivekananda***

***"The best and most beautiful things in the world cannot be seen or even touched -- they must be felt with the heart."***

***Helen Keller***

***"Live as if you were to die tomorrow. Learn as if you were to live forever."***

***Mahatma Gandhi***

***"One of the greatest diseases is to be nobody to anybody."***

***Mother Teresa***

**“If you work hard and meet your responsibilities, you can get ahead; no matter where you came from, what you look like, or who you love.”**

**Barack Obama**

**“The greatest glory in living lies not in never falling, but in rising every time we fall.”**

**Nelson Mandela**

**“You have to dream before the dream comes true.”**

**A.P.J. Abdul Kalam**

**Amrtha Reji**

# സ്വർണമീനും കാക്കയും

ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ. "അയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തു ഭംഗിയാണെനിക്ക് ! " , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും.അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽ വെട്ടിത്തിളങ്ങുന്നത്കാക്കചേട്ടന്റെകണ്ണിൽപ്പെട്ടു.

"ഹയ്യടാ , അതൊരു സ്വർണമീനാണല്ലോ!" , കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു. കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് ! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകോണ്ടുള്ളൂ. ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ് കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസിലായി.അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി.



**Abhija P Sunil & Elizabeth Jacob**

# ***Beauty of kerala***



***The land of god, kerala is belived to be a gift of the arabian sea.the praide of kerala are gorgeous and exotice beaches,breath taking hillstations,enchanting water falls.beauty lagoons meandering rivers and amazing scenariors.these colors are made kerala a land of beauty and paradise on earth.***

***Anuja Joseph***

# My Most Valuable FRIEND

**My most valuable friend ,**

**She is elder to me,**

**She is a lamp that gives me light,**

**She is a little girl for me!**

**I always see her,**

**She smile at me,**

**she prepares food for me,**

**she leads me to a good life.**

**All these are one!**

**The relationship is not a small one,**

**That she is my Mom,**

**Besides Mom ,She is my best friend!!**




***Anuja Joseph & Esther Jose***

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




thanks